അടിയന്തരപ്രമേയം

അട്ടപ്പാടി ആദിവാസി ഊരിലെ പോലീസ് അതിക്രമം

മി. സ്പീക്കർ: 2021 ആഗസ്റ്റ് 8-ാം തീയതി അട്ടപ്പാടി ഷോളയൂർ പഞ്ചായത്തിലെ വട്ട്ലക്കി ആദിവാസി ഊരിലെ മൂപ്പനെയും മകനെയും കയ്യേറ്റം ചെയ്യുകയും അറസ്റ്റ് ചെയ്യുകയും ചെയ്തതുമൂലം ആദിവാസി സമൂഹത്തിന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം 3-ാം തീയതി പാലക്കാട് ഷോളയൂർ വട്ട്ലക്കി ഊരിൽ കുറുന്താചലം എന്നയാളുടെ പറമ്പിൽ സമീപവാസിയായ മുരുകന്റെ ഭാര്യ രാജാമണി പശുവിനെ മേച്ചു. അത് കുറുന്താചലം ചോദ്യം ചെയ്തു. തുടർന്ന് ഉച്ചയ്ക്ക് 2.30-ന് ചൊറിയമൂപ്പനും മകനായ മുരുകനും ചേർന്ന് കുറുന്താചലത്തിനെ ദേഹോപദ്രവം ഏൽപ്പിച്ചു. സംഭവത്തിൽ കുറുന്താചലത്തിന്റെ വലതുകയ്യിലെ

ചെറുവിരലിന് പൊട്ടലും തലയ്ക്ക് പരിക്കുമേറ്റു. തുടർന്ന് കുറുന്താചലം ആശുപത്രിയിൽ ചികിത്സ തേടി. കുറുന്താചലത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മുരുകൻ, ചൊറിയമൂപ്പൻ, മുരുകന്റെ ഭാര്യ രാജാമണി എന്നിവർക്കെതിരെ ആഗസ്റ്റ് 6-ന് കേസെടുക്കുകയും I.P.C. 341, 326, 294(B), 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 55/2021 ആയി ഷോളയൂർ പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നത്. പരാതിക്കാരനായ കുറുന്താചലത്തിന്റെ പറമ്പിൽ പശുവിനെ മേച്ചുയെന്ന കാര്യത്തിൽ കേസിലെ മൂന്നാം പ്രതിയും മുരുകന്റെ ഭാര്യയുമായ രാജാമണിയെ കുറുന്താചലം കല്ലെറിഞ്ഞ് പരിക്കേൽപ്പിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന മൊഴി രാജാമണിയുടേതായി ഉണ്ടായിരുന്നു. ആ മൊഴിയുടെ അടിസ്ഥാനത്തിൽ 6-8-2021-ൽ I.P.C. 506(1), 324 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 56/21 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ പരിക്കേറ്റ രാജാമണി ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി മുരുകനെ സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചെങ്കിലും അദ്ദേഹം സ്റ്റേഷനിൽ ഹാജരായില്ല. തുടർന്ന് കുറുന്താചലത്തെ പരിക്കേൽപ്പിച്ച കേസിലെ

പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ ഷോളയൂർ പോലീസ് ഇൻസ്പെക്ടറും സംഘവും ആഗസ്റ്റ് 8-ന് രാവിലെ വട്ട്ലക്കി ഊരിലെത്തി. പ്രതികളായ മുരുകനോടും ചൊറിയമൂപ്പനോടും ജീപ്പിൽ കയറാൻ ആവശ്യപ്പെട്ടെങ്കിലും ഇരുവരും വിസമ്മതിച്ചു. ഇവർ പരിസരവാസികളെ വിളിച്ചുകൂട്ടി മുരുകനെയും ചൊറിയമൂപ്പനെയും അറസ്റ്റുചെയ്ത് കൊണ്ടുപോകുന്നത് തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ഈ സംഭവത്തിൽ പോലീസുകാർക്കും പരിക്കേൽക്കുകയുണ്ടായി. തുടർന്ന് ഒന്നും രണ്ടും പ്രതികളെ പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് അറസ്റ്റ് നടപടികൾ പൂർത്തിയാക്കി. മണ്ണാർക്കാട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. പോലീസിന്റെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് വട്ട്ലക്കി ഊരുനിവാസികളായ എട്ട് പേർക്കെതിരെ I.P.C. 225, 332, 353, 34 വകുപ്പുകൾ പ്രകാരം ഷോളയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 57/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തിൽ ഒരു വനിത പോലീസ് ഉദ്യോഗസ്ഥ ഉൾപ്പെടെ അഞ്ച് പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്. പോലീസ് റിപ്പോർട്ടുപ്രകാരം കുറുന്താചലം എന്നയാളെ പരിക്കേൽപ്പിച്ച

കേസിലെ പ്രതികളായ മുരുകൻ, ചൊറിയമൂപ്പൻ എന്നിവരെ അറസ്റ്റ് ചെയ്യാനെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ദേഹോപദ്രവം ഏൽപ്പിക്കുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്താൻ ശ്രമിക്കുകയുമാണ് ഉണ്ടായത്. ഊര് മൂപ്പനായ ചൊറിയമൂപ്പൻ, ഊര് നിവാസിയായ കുറുന്താചലം എന്നിവർ തമ്മിലുള്ള കുടുംബകലഹമാണ് പ്രശ്നത്തിന് കാരണമായതെന്ന് പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിലും കാണുന്നുണ്ട്. ഷോളയൂർ പോലീസ് സ്റ്റേഷൻ ക്രൈം 55/21-ലെ പ്രതികളായ മുരുകനെയും ചൊറിയമൂപ്പനെയും അറസ്റ്റ് ചെയ്യാനെത്തിയ പോലീസ് മർദ്ദിച്ചുവെന്നാരോപിച്ച് കോട്ടാത്തല ഗവൺമെന്റ് താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിൽ മുരുകന്റെ മകൻ രാജീവ് ചികിത്സ തേടിയതായും അറിവായിട്ടുണ്ട്. കുട്ടിയുടെ മൊഴി ആഗസ്റ്റ് 9-ന് രേഖപ്പെടുത്തി പ്രാഥമിക അന്വേഷണം നടത്തിവരുന്നു. കുറ്റകൃത്യം നടന്നതുമായി ബന്ധപ്പെട്ട പരാതിയിൽ നടപടി സ്വീകരിക്കാൻ പോലീസ് ഊരിലേയ്ക്ക് പോകുകയാണുണ്ടായത്. ക്രമസമാധാനം നിലനിർത്തുവാനും നിയമവാഴ്ച പുലർത്തുന്നതിനും പോലീസ് സ്വീകരിച്ച സ്വാഭാവിക നടപടിയായിട്ടാണ് ഇതിനെ കാണേണ്ടത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക

അടിയന്തരപ്രശ്നമൊന്നും അടങ്ങിയ കാര്യമല്ല.

മി. സ്പീക്കർ: ഇന്നത്തെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകളിൽ എട്ട് മന്ത്രിമാർ മറുപടി പറയാനുണ്ട്, അതിനുശേഷം വൈകുന്നേരം 'ആസാദി കാ അമൃത് മഹോത്സവ് '-മായി ബന്ധപ്പെട്ട പരിപാടിയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ സമയക്രമംപാലിച്ച് സഹകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ലോകത്തെമ്പാടുമുള്ള ആദിവാസി സമൂഹത്തോട് ലോകജനത ഐക്യദാർഢ്യവും അനുഭാവവും പ്രത്യേകമായി പ്രകടിപ്പിക്കുന്ന ദിവസമാണ് ആഗസ്റ്റ് 9. 'World Tribal Day' ആയി ആഗസ്റ്റ് 9 ലോകം മുഴുവൻ ആചരിക്കുകയാണ്. നമ്മളും അങ്ങനെയാണ് ആചരിക്കുന്നത്. പക്ഷേ പിണറായി സർക്കാരിന്റെ പോലീസ് Tribal Day അട്ടപ്പാടിയിൽ വച്ചാണ് ആചരിച്ചത്. അട്ടപ്പാടിയിലെ ഒരു ഊരിൽ കയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് പാവപ്പെട്ട ആദിവാസികളെ മർദ്ദിച്ചും പീഡിപ്പിച്ചും പേടിപ്പിച്ചുമാണ് കേരളത്തിലെ പോലീസ് ആദിവാസി ദിനാചരണം നടത്തിയത്. നിങ്ങളുടെ ആദിവാസി ദിനാചരണം കെങ്കേമമായെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, ഭൂമി

പ്രശ്നങ്ങൾ ഇങ്ങനെ സാമൂഹികമായും ആരോഗ്യപരമായും നിരവധി പ്രയാസങ്ങൾ നേരിടുന്ന ജനതയാണ് ആദിവാസികൾ. ആ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവർക്കൊപ്പം നിൽക്കേണ്ടവരാണ് നമ്മൾ. എന്നാൽ ഇവിടെ അവരുടെ നേരെ കുതിരകയറുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലളിതമായി പോലീസിനെ ന്യായീകരിച്ചാണ് പറഞ്ഞത്. വട്ട്ലക്കിയിൽ പോലീസ് പെരുമാറിയതുപോലെയാണോ ആദിവാസി സമൂഹത്തോട് പോലീസ് പെരുമാറേണ്ടത്? അങ്ങയുടെ കയ്യിലുള്ളത് പോലീസ് റിപ്പോർട്ടാണ്. വട്ട്ലക്കിയിൽ എന്താണ് സംഭവിച്ചത്? പറമ്പിൽ പശുവിനെ മേയ്ക്കുന്ന തർക്കമുണ്ടായിരുന്നു. അത് രണ്ട് ആദിവാസികൾ തമ്മിൽ തന്നെയാണ്. അതിലല്ല പ്രശ്നം; അവരെ പിടിക്കാൻ ഊരിൽ പോലീസ് പോകുന്നത് എപ്പോഴാണെന്ന് അറിയാമോ? ആരും എഴുന്നേൽക്കാത്ത അതിരാവിലെ ആറുമണിക്കാണ്. ആ സമയത്ത് ചൊറിയമൂപ്പനും മകൻ മുരുകനും കിടന്ന് ഉറങ്ങുകയാണ്. കിടക്കപ്പായയിൽവച്ചാണ് പോലീസ് അവരെ ക്രൂരമായി മർദ്ദിക്കുന്നത്. അതിനുശേഷമാണ് പോലീസ് അവരെ പിടിച്ച് ജീപ്പിൽ കയറ്റിയത്. പെട്ടെന്ന് ഉണരുമ്പോൾ ഓരോരുത്തരും

കാണുന്നത് പോലീസിന്റെ ബഹളവും ശബ്ദവുമാണ്. കാക്കിയിട്ട പോലീസുകാർ ഊരിലാകെ നിറഞ്ഞിട്ടുണ്ട്. ഓരോരുത്തരും ഉണർന്ന് കാണുന്ന കാഴ്ച പോലീസിന്റെ ഭീകര താണ്ഡവമാണ്. പോലീസിന്റെ ഇരച്ചുകയറലും ബഹളവും കണ്ട് സ്ത്രീകൾ കരയാൻ തുടങ്ങി. കരയുന്ന സ്ത്രീകളെ പോലീസ് അടിക്കുകയാണ്. ഇതിന്റെ വിഷ്വൽ എല്ലാ മാധ്യമങ്ങളിലും കാണിച്ചതാണ്. മുഖ്യമന്ത്രി പറഞ്ഞതുപോലെയായിരുന്നോ സംഭവം? രാജ്യത്തെ മുഴുവൻ ദൃശ്യമാധ്യമങ്ങളിലും കണ്ടതാണ് പോലീസിന്റെ ആ നരനായാട്ട്. ഇവരെ പിടിച്ച് വീണ്ടും ജീപ്പിൽ കയറ്റാൻ ശ്രമിക്കുമ്പോൾ, ചൊറിയമൂപ്പന്റെ പേരക്കുട്ടി (മുരുകന്റെ മകൻ) വന്ന് അച്ഛനെയും വല്യച്ഛനെയും കൊണ്ടുപോകരുതെന്ന് പറയുമ്പോൾ ഒരു പോലീസുകാരൻ കുട്ടിയുടെ മുഖത്ത് അടിക്കുകയാണ്. പോരാത്തതിന് കുട്ടിയുടെ തുണി ഉരിയുന്ന ചിത്രവും വിഷ്വലുകളിൽ കാണാം. ഇങ്ങനെയാണോ ആദിവാസികളോട് പെരുമാറേണ്ടത്? മുഖ്യമന്ത്രി പറഞ്ഞ പോലീസ് റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒന്നുരണ്ട് ചോദ്യങ്ങൾ, പോലീസിനാണെങ്കിലും ആദിവാസി ഊരുകളിൽ കയറണമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങണം. പ്രത്യേകിച്ച് കോവിഡ് പശ്ചാത്തലത്തിൽ, ഊരിൽ കോവിഡ്

ബാധിച്ചാൽ കാട്ടുതീപോലെ പടർന്നുപിടിക്കും. അവർ ഒന്നിച്ച് താമസിക്കുന്ന ആളുകളാണ്. അതുകൊണ്ട് പുറത്തുള്ള ഒരാൾക്ക് ഊരിൽ കയറണമെങ്കിൽ പെർമിഷൻ വേണം. പോലീസ് ആ പെർമിഷൻ എടുത്തിരുന്നോ? ഈ തർക്കവുമായി ബന്ധപ്പെട്ട് പതിനൊന്ന് മണിക്ക് രണ്ടുകൂട്ടരോടും പോലീസ് സ്റ്റേഷനിൽ വരാൻ പറഞ്ഞതാണ്. അങ്ങനെ വരാൻ പറഞ്ഞ പോലീസ് പിന്നെന്തിനാണ് അതിരാവിലെ ഊരിൽ ഒരു പോലീസ് ആക്ഷൻ നടത്തിയത്. അവർ പതിനൊന്ന് മണിക്ക് പോലീസ് സ്റ്റേഷനിൽ വരില്ലെന്ന് പറഞ്ഞിട്ടില്ല. മൂപ്പന്റെ മകൻ മുരുകൻ ഒരു ആക്ടിവിസ്റ്റാണ്. ഭൂപ്രശ്നങ്ങളിലും മറ്റും സജീവമായി ഇടപെടുന്നയാളാണ്. ഊരിലെ ആദിവാസികളുടെ വിഷയങ്ങളിൽ പോലീസ് സ്റ്റേഷനിൽ ചർച്ചയ്ക്ക് പോകുന്നയാളാണ്. പോലീസ് സ്റ്റേഷനിൽ വരാമെന്ന് അയാൾ പറഞ്ഞതാണ്. അയാളെ പിടിക്കാനാണ് ഊരിലേയ്ക്ക് പോലീസ് ഇരച്ചുകയറുന്നത്. മുഖ്യമന്ത്രി പറഞ്ഞതുപോലെയാണെങ്കിൽ നമ്മുടെ നാട്ടിലെ മനുഷ്യാവകാശ കമ്മീഷന് എന്താ ഭ്രാന്തുണ്ടോ? ഈ സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തിട്ടുണ്ട്. അങ്ങ് പറഞ്ഞത് പോലെയല്ല സംഭവം. അങ്ങ് പറഞ്ഞത് പോലെയാണ് സംഭവമെങ്കിൽ മനുഷ്യാവകാശ

കമ്മീഷൻ എന്തിന് കേസെടുക്കണം? ആദിവാസികളെ പീഡിപ്പിച്ചതിന്, ആദിവാസികളെ ദ്രോഹിച്ചതിന്, അങ്ങയുടെ പോലീസിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസ് എടുത്തുവെന്നുള്ള വസ്തുത ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. ഭീകരവാദികളെ പിടിക്കുന്നപോലെയാണ് മുരുകനേയും അച്ഛനേയും പിടിച്ചത്. പാവപ്പെട്ട ആദിവാസികളായ രണ്ട് പ്രതികളെ പിടിക്കാൻ ഇത്രവലിയ പോലീസ് സന്നാഹം വേണോ? ഒരു ഊരിലേയ്ക്ക് മൂന്ന് വണ്ടിയിൽ ഇരുപത് പോലീസുകാർ ഇരച്ചുകയറുകയാണ്. അതിന്റെ പിന്നിൽ വേറൊരു കാര്യമുണ്ട്. ഈ മുരുകനുമായി അവിടത്തെ പ്രാദേശീയ സി.പി.ഐ.(എം.)-ന് ചില പ്രശ്നങ്ങളുണ്ട്. ആ പ്രദേശിക പ്രശ്നത്തിന്റെ വിരോധത്തിൽ അങ്ങയുടെ പാർട്ടിക്കാരുടെ നിർദ്ദേശപ്രകാരമാണ് പോലീസ് ഊരിൽ കയറി നരനായാട്ട് നടത്തിയത്. ചൊറിയമൂപ്പനും മകനുമൊക്കെ മുമ്പ് സി.പി.ഐ., സി.പി.ഐ.(എം.) അനുഭാവികളായിരുന്നു. ചില കാര്യങ്ങളോട് യോജിച്ചുപോകാൻ കഴിയാത്തതുകൊണ്ട് അവർ ആ പാർട്ടിക്കാരുമായി തെറ്റി. അതുകൊണ്ടാണ് ഇത്രവലിയ പോലീസ് ആക്ഷൻ അവിടെ കാണേണ്ടിവന്നത്. ഈ ഒരു ആർജ്ജവമൊന്നും കഴിഞ്ഞ ഒരു

മാസമായി പോലീസിന്റെ നടപടിയിൽ കണ്ടിട്ടില്ലല്ലോ? നമ്മുടെ പുന്നാരമോൻ അർജ്ജുൻ ആയങ്കിയെ പിടിക്കാൻ പോലീസിന് ഈ ആർജ്ജവം ഉണ്ടായിരുന്നോ; ഉണ്ടായിരുന്നില്ലല്ലോ; അതുപോലെതന്നെ കരുവന്നൂർ ബാങ്കിലെ പ്രതികളായ സഖാക്കളെ പിടിക്കാൻ ഈ ആർജ്ജവം ഞങ്ങൾ കണ്ടിട്ടില്ലല്ലോ; വയനാട്ടിൽ പ്രത്യേക ഓർഡർ നിങ്ങൾ ഉണ്ടാക്കിക്കൊടുത്തതിന്റെ വെളിച്ചത്തിൽ മരം മുഴുവൻ മുറിച്ച, റൈറ്റ് സഹോദരന്മാർ എന്നൊക്കെ പറയുന്നതുപോലെ മരംമുറി ബ്രദേഴ്സ്, അവരെ എത്രദിവസം കഴിഞ്ഞാണ് പിണറായി സർക്കാരിന്റെ പോലീസ് പിടിച്ചത്. അപ്പോൾ ഇതൊന്നുമുണ്ടായിരുന്നില്ല, അവസാനം ബഹുമാനപ്പെട്ട ഹൈക്കോടതി പറയേണ്ടിവന്നു. പാവപ്പെട്ട ആദിവാസികളുടെ മുമ്പിലാണ് നിങ്ങൾ ധൈര്യം കാണിക്കുന്നത്. ഈ പാവപ്പെട്ട ആദിവാസികളുടെ മേലെയാണ് നിങ്ങളുടെ ഈ പ്രയോഗം. അത് ശരിയാണോ? സാധാരണയായി ആദിവാസി ഊരുകളിൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോൾ അവിടുത്തെ മൂപ്പനെയും പൊതുപ്രവർത്തകരെയും വിളിച്ച് പറഞ്ഞുതീർക്കും, കേസ് എടുക്കേണ്ടതിന് കേസെടുക്കും, നടപടികളുമായി മുമ്പോട്ടുപോകും. അട്ടപ്പാടിയുടെ ചരിത്രത്തിലാദ്യമാണ് നേരം വെളുക്കുംമുമ്പ്

ഇങ്ങനെയൊരു പോലീസ്‌രാജ് ഊരിൽ ഉണ്ടായിട്ടുള്ളത്. ഇത് അപലപനീയവും പ്രതിഷേധാർഹവുമാണ്. ഇത് ഞാൻ മാത്രം പറയുന്നതല്ല, പോലീസ് ഓഫീസുകൾക്കും പോലീസ് ആസ്ഥാനങ്ങൾക്കും മുമ്പിൽ അട്ടപ്പാടിയിലെ മുഴുവൻ ആദിവാസി സംഘടനകളും പ്രതിഷേധം നടത്തുകയുണ്ടായി. കഴിഞ്ഞ കുറച്ചുദിവസമായി പോലീസിന് ഭ്രാന്ത് പിടിച്ചിരിക്കുകയാണ്. പശുവിന് പുല്ലരിയാൻ പോയവന് 2,000 രൂപ ഫൈൻ ഈടാക്കുകയാണ്. ബാങ്കിൽ പോയ ഗൗരിനന്ദ എന്ന പെൺകുട്ടിക്ക് പെറ്റിയടിച്ചുകൊടുക്കുകയാണ്. പാവപ്പെട്ട മത്സ്യക്കച്ചവടക്കാരിയായ സഹോദരിയുടെ മത്സ്യക്കുട്ട വലിച്ചെറിയുകയാണ്. കല്യാണം കഴിക്കാൻ പോയ നവവരന് റോഡിൽ ഫൈനടിച്ച സർക്കാരാണിത്. ബലിതർപ്പണത്തിനുപോയ അമ്മയുടെയും മകന്റെയും കയ്യിൽനിന്നും പോലീസ് 2,000 രൂപ ഫൈൻ വാങ്ങി 500 രൂപയുടെ രസീത് കൊടുത്തു. ബാക്കി 1,500 രൂപ എവിടെയാണ്? ഇതാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. ഒരു സാധു ബാർബർ ഷോപ്പിൽ മുടിവെട്ടാൻ പോയി. ..... അങ്ങ് പ്രത്യേകം പറഞ്ഞിട്ടുണ്ട് ബാർബർ ഷോപ്പിൽ മുടിവെട്ടാനേ പോകാവൂയെന്ന്... ബാർബർ ഷോപ്പിൽ മുടിവെട്ടാൻ പോയവനും 2,000

രൂപ ഫൈൻ എഴുതിക്കൊടുത്തു. അതാണ് നമ്മുടെ നാട്ടിലെ പോലീസിന്റെ സ്ഥിതി. പിണറായി സർക്കാരിന്റെ കീഴിൽ പോലീസിന് ഭ്രാന്ത് പിടിച്ചോ? ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ട പോലീസ് അവർക്ക് സ്വൈര്യജീവിതം നൽകാതെ അത് തകർത്തുകൊണ്ടിരിക്കുന്നതാണ് ഇന്ന് നമുക്ക് കാണാൻ സാധിക്കുന്നത്. എന്തുകൊണ്ടാണ് പോലീസ് ഇങ്ങനെ അതിക്രമം തുടരുന്നത്? അക്രമം കാണിക്കുന്ന പോലീസിന് യാതൊരു ശിക്ഷയുമില്ല. എന്താണ് കാരണം? പോലീസിന്റെ 'ആത്മവീര്യം' തകരാൻ മുഖ്യമന്ത്രി ഒരിക്കലും അനുവദിക്കില്ല. അതുതന്നെയാണ് പോലീസിന്റെ ഊർജ്ജം. അതുപോലെ എല്ലായിടത്തും എല്ലാതലത്തിലും പോലീസ് അഴിഞ്ഞാടുകയാണ്. കൊണ്ടോട്ടി മണ്ഡലത്തിലെ വാഴയൂരിലെ കക്കുബ പള്ളിയിൽ പള്ളി കമ്മിറ്റിക്കാരുടെ കെട്ടിടത്തിന്റെ നിർമ്മിതി നടന്നുകൊണ്ടിരിക്കുകയാണ്, ആ നിർമ്മാണം നടത്തുന്നത് കുറച്ച് ആളുകൾ വന്ന് തല്ലിത്തകർത്തു, പള്ളി കമ്മിറ്റിക്കാരേയും അക്രമിച്ചു. ഈ അക്രമം കാണിച്ചവർക്കെതിരെ പോലീസ് ഒരു കേസും എടുത്തിട്ടില്ല. പള്ളി കമ്മിറ്റിക്കാർക്കെതിരെ ജാമ്യമില്ലാ കേസെടുത്തു. ഇതാണോ നമ്മുടെ പോലീസ് നയം? അങ്ങനെ ഈ നാട്ടിലുടനീളം

പോലീസ് അഴിഞ്ഞാട്ടുകയാണ്. ഇപ്പോൾ ആദിവാസികൾക്കെതിരെയും ഈ അഴിഞ്ഞാട്ടം തുടരുകയാണ്. ആദിവാസി സമൂഹം വലിയ ഭീതിയിലാണ്. ആദിവാസി സമൂഹം ഈ മണ്ണിന്റെ മക്കളാണെന്ന് നമുക്കറിയാം. അവർക്ക് അവരുടേതായ ഒരുപാട് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾക്കിടയിൽ ഇന്ന് പോലീസിനേയും ഭയപ്പെട്ട് ജീവിക്കേണ്ട സ്ഥിതിയാണ്. ഈ പറഞ്ഞ വട്ട്ലക്കി ഊരിലെ ജനങ്ങൾ ആനയെപ്പേടിച്ചാണ് കഴിയുന്നത്. ഏതുസമയത്താണ് ഊരിലേയ്ക്ക് ആന വന്ന് ആളുകളെ അക്രമിക്കുക എന്നറിയില്ല, ആ ഭീതിയിൽ നിൽക്കുന്ന ആളുകൾ അതിനേക്കാൾ ഏറെ ഭയപ്പെടുന്നത് അങ്ങയുടെ പോലീസിനെയാണ്. ആ വിധം അട്ടപ്പാടിയിൽ പോലീസ് നരനായാട്ട് തുടരുന്നു. ഇതിനൊക്കെ ഒരു അറുതിയുണ്ടാകണം. ഈ വിഷയമല്ലേ നമ്മൾ സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ടത്. കേരളത്തിലുടനീളം ഇന്ന് പോലീസ് രാജ് ആണ് നടന്നുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതുതന്നെ ആവർത്തിക്കുന്നു. അങ്ങ് ദയവായി അവസാനിപ്പിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോവിഡ് നിയന്ത്രിക്കണമെന്നതിൽ തർക്കമൊന്നുമില്ല. അതിന്റെ പേരിൽ പോലീസ് ജനങ്ങളുടെമേൽ

കുതിരകയറുന്നത് ശരിയല്ല. അതുകൊണ്ട് അട്ടപ്പാടിയിലെ വട്ട്ലക്കി ഊരിൽ നടന്ന പോലീസ് നരനായാട്ടും കേരളത്തിന്റെ നാനാഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസ് അതിക്രമങ്ങളും സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു പ്രശ്നം അടിയന്തരപ്രമേയമായി ഉന്നയിക്കണമെന്ന് തോന്നിയാൽ സ്വാഭാവികമായും പ്രതിപക്ഷം അത് ഉന്നയിക്കും. പക്ഷേ അതുമായി ബന്ധപ്പെട്ട് അദ്ദേഹം ഇവിടെ സംസാരിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചു. അതിൽ അദ്ദേഹത്തിന്റെ ശ്രമമുണ്ടായത്, കേരളത്തിലെ പോലീസ് നമ്മുടെ സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിനും പൊതുജനങ്ങൾക്കും ഒരു പള്ളിയുടെ കാര്യം ഇവിടെ പറഞ്ഞു, അതിലൂടെ ന്യൂനപക്ഷ വിഭാഗത്തിനും എല്ലാം എതിരായി നീങ്ങുന്ന ഒന്നാണെന്നാണ്. ഇത് വളരെ വിശദമായ മറുപടിയിലേയ്ക്ക് കടക്കേണ്ട ഒന്നല്ലായെന്നാണ് ഞാൻ ആദ്യം കരുതിയിരുന്നത്. പക്ഷേ ഇവിടെ പോലീസിനെ നാടിനെതിരായിട്ടുള്ള ഒരു സേനയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം ബോധപൂർവ്വം ഉണ്ടാകുമ്പോൾ, എന്താണ് കേരളത്തിലെ പോലീസെന്ന് അദ്ദേഹം ഈ

കഴിഞ്ഞ നാളുകളിലെ അനുഭവത്തിലൂടെ മനസ്സിലാക്കിയ കാര്യങ്ങൾ മറച്ചുവയ്ക്കാൻ ബോധപൂർവ്വം ശ്രമിക്കുമ്പോൾ, ചില കാര്യങ്ങൾ പറയാൻ നിർബന്ധിതമാകുകയാണ്. പോലീസ് പൂർണ്ണമായും ഒരു ജനകീയ സേന എന്നനിലയിലാണ് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നത്. ഒരുപാട് ദുരന്തങ്ങൾ ഈ കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എല്ലാ ദുരന്തങ്ങളിലും ജനങ്ങളോട് ചേർന്നുനിന്നുകൊണ്ട് ജനങ്ങളെ സഹായിക്കുന്ന ഏറ്റവും വലിയൊരു ജനകീയ സേനയായി മാറാൻ കേരളത്തിലെ പോലീസിന് കഴിഞ്ഞുവെന്നത് നമ്മുടെ നാടിന്റെ അനുഭവമാണ്. അപകടത്തിൽപ്പെട്ടവരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമെല്ലാം മഹാപ്രളയത്തിന്റെ ഘട്ടത്തിൽ പോലീസ് അടക്കം വഹിച്ച പങ്ക് നമ്മുടെ നാട് അങ്ങേയറ്റം പ്രശംസയോടെ കണ്ടകാര്യമാണ്. നമ്മുടെ ജനങ്ങളെ രക്ഷപ്പെടുത്താൻ, അവർക്ക് ആവശ്യമായ ഭക്ഷണം നൽകാൻ, മരുന്നെത്തിക്കാൻ എല്ലായിടത്തും ഈ സേനയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നുവെന്നത് നമ്മൾ മറക്കാൻ പാടില്ല. സ്വന്തം വീട് പ്രളയത്തിൽ മുങ്ങിയെന്ന് സന്ദേശം കിട്ടുമ്പോഴും ആ പോലീസുകാരൻ തന്റെ കർത്തവ്യത്തിൽ ഉറച്ചുനിന്ന് തന്റെ സഹജീവികളെ

സംരക്ഷിക്കാനുള്ള പ്രവർത്തനത്തിൽ മുഴുകിയെന്നത് ആ ഘട്ടത്തിൽ നമ്മൾ കേട്ടകാര്യമാണ്. ഇവിടെ ഈ മഹാമാരിയുടെ ഘട്ടത്തിൽ പോലീസ് സേന വഹിച്ച പങ്ക് നമുക്ക് നിഷേധിക്കാൻ കഴിയുന്നതാണോ; ഇപ്പോൾ എന്തിനാണ് കൊണ്ടുപിടിച്ച ശ്രമം നടത്തുന്നത് ? കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുന്നത് മഹാപരാധമാണെന്ന മട്ടിൽ വരുത്തിത്തീർക്കാനാണ് ബഹുമാന്യനായ അംഗം ഇവിടെ ശ്രമിച്ചത്. ഒന്നരവർഷമായി നമ്മുടെ സംസ്ഥാനത്തെ പോലീസ് സംവിധാനമാകെ അവരുടെ സാധാരണഗതിയിലുള്ള ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് കോവിഡ് രംഗത്ത് പാലിക്കേണ്ട കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. അതിൽ ശാരീരിക അകലം പാലിക്കൽ, മാസ്ക് ധരിക്കൽ തുടങ്ങി ഒട്ടേറെ മാനദണ്ഡങ്ങളുണ്ട്. അത് സാധാരണഗതിയിൽ അവരെ ഏൽപ്പിച്ച ഒരു ചുമതലയാണ്. ആ ചുമതലയുടെ ഭാഗമായി സ്തുത്യർഹമായി അത് നിർവ്വഹിക്കുന്നുവെന്നാണ് കണ്ടിട്ടുള്ളത്. അവരെക്കൂടാതെ ഗവൺമെന്റ് ചുമതലപ്പെടുത്തിയ സെക്ടറൽ മജിസ്ട്രേറ്റുമാരുമുണ്ട്. അവരും പോലീസും വളരെ നല്ലരീതിയിൽ ചുമതലകൾ നിറവേറ്റുന്നുവെന്നതാണ് നാം

കണ്ടിട്ടുള്ളത്. ഇവിടെ നാം ഓർക്കേണ്ടത് കോവിഡ് പ്രതിരോധത്തിൽ മുഴുകിയിരുന്ന ചില പോലീസുകാരെയാണ്. പതിനൊന്നോളം പോലീസുദ്യോഗസ്ഥർ ഇപ്പോൾ നമ്മോടൊപ്പമില്ല. കോവിഡ് പ്രതിരോധത്തിലേർപ്പെട്ടിരുന്ന 17645 പോലീസ് ഉദ്യോഗസ്ഥർക്ക് കോവിഡ് ബാധിച്ചിരുന്നു. അതിൽ 217 പേർ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സ തേടേണ്ട സാഹചര്യവുമുണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഒരു മഹാമാരിക്കെതിരെ പോരാട്ടം നടത്തുന്നതിൽ പങ്കുവഹിച്ചതിന്റെ ഭാഗമായി ആ സേനയിലെ അംഗങ്ങൾക്കുണ്ടായ അനുഭവങ്ങളാണിത്. ഒന്നര വർഷക്കാലത്തെ നിതാന്ത ജാഗ്രതയോടുകൂടി കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്നതിന്റെ ചുമതലയാണ് അവർ നിർവ്വഹിച്ചത്. ത്യാഗപൂർവ്വമായ ഇത്തരം പ്രവർത്തനങ്ങളെ നമ്മൾ നിസ്സാരവൽക്കരിക്കരുത്. താല്ക്കാലികമായ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ആക്ഷേപിക്കാനും അധിക്ഷേപിക്കാനും തയ്യാറാകരുത്. അവരുടെ മനോവീര്യം തകർക്കുന്ന പ്രശ്നത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരത്തിൽ മനോവീര്യം തകർക്കാനുള്ള ശ്രമങ്ങളുണ്ടാകുമ്പോൾ ആ മനോവീര്യം തകർക്കരുതെന്ന് പറയേണ്ട ഉത്തരവാദിത്തം സ്വാഭാവികമായും

ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയ്ക്ക് എനിക്കുണ്ടെന്നാണ് ഞാൻ തിരിച്ചറിയുന്നത്. ഇത്തരത്തിൽ പ്രചാരവേലകൾ സംഘടിപ്പിക്കുന്നത് ശരിയാണോയെന്ന് സ്വയം വിമർശനപരമായി പരിശോധിക്കാൻ തയ്യാറാകണമെന്നാണ് ഈ ഘട്ടത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിമർശനം നല്ലതാണ്. പക്ഷേ അത് യാഥാർത്ഥ്യങ്ങളെ കാണാതെ, നടത്തിയ സേവനങ്ങളെ വിസ്മരിച്ചുകൊണ്ടാകരുതെന്നു മാത്രമേ എനിക്ക് ഈ ഘട്ടത്തിൽ ഓർമ്മിപ്പിക്കാനുള്ളൂ. കേരളം ഇന്ന് രാജ്യത്തെ ഏറ്റവും നല്ല രീതിയിൽ ക്രമസമാധാനം പുലർത്തുന്ന ഒരു സംസ്ഥാനമായാണ് നിലനിൽക്കുന്നത്. അതിനായി നാമെല്ലാം പങ്ക് വഹിച്ചിട്ടുണ്ട്, അതിൽ പോലീസിന്റെയും പങ്കുണ്ടെന്നത് മറക്കരുത്. വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ പൊതുസമൂഹം വഹിച്ച പങ്ക് ഏറ്റവും പ്രധാനം തന്നെയാണ്. പക്ഷേ അതിനോടൊപ്പം പോലീസിന്റെ പങ്കും നിഷേധിക്കാൻ കഴിയുന്നതല്ല. ഇവിടെ വാട്സ്ആപ്പ് ഹർത്താലുകൾ സംഘടിപ്പിച്ചും നവ മാധ്യമങ്ങളുപയോഗിച്ചും സംഘർഷത്തിന് ശ്രമിച്ചവരുണ്ട്. അതിന്റെ ഉറവിടംപോലും കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കാൻ പോലീസിന്

കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിന്റെ സുരക്ഷയ്ക്ക് ഉതകുന്ന നടപടികളിലേയ്ക്കാണ് പോലീസ് കടന്നതെന്ന് നാം ഓർക്കണം. പുതിയ കാലത്ത് രൂപപ്പെട്ട സൈബർ കുറ്റകൃത്യങ്ങളുണ്ട്. അവയെ ശരിയായ രീതിയിൽ കണ്ടെത്തുന്നതിനും അതിനെതിരെ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനും പോലീസിന് കഴിയുന്നുവെന്നത് വിസ്മരിക്കാൻ പാടില്ലാത്തതാണ്. തെളിയിക്കാൻ കഴിയില്ലെന്ന് കണക്കാക്കിയിരുന്ന കേസുകളടക്കം തെളിയിച്ച ചരിത്രവും കേരളത്തിലെ പോലീസിനുണ്ട്. സി.ബി.ഐ.-ക്ക് വിട്ട ജലജാസുരൻ കേസ് തെളിയിച്ചതൊക്കെ ഇതിന്റെ ഭാഗമായിരുന്നുവെന്നത് മറക്കാൻ പാടില്ല. നിയമവാഴ്ച സംരക്ഷിക്കുക, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക ഇതെല്ലാം ഉറപ്പുവരുത്തിയാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്. ജനങ്ങളുടെ പ്രയാസങ്ങളിലും അവരുടെ കണ്ണീരൊപ്പാൻ നിലകൊള്ളുന്ന സമീപനം സ്വീകരിക്കുന്ന നിലയിലേയ്ക്ക് പോലീസിനെ മാറ്റിയെടുക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞുവെന്നതും അഭിമാനകരമായ വസ്തുതയാണ്. നാട്ടിൽ നിയമവാഴ്ച തുടരുന്നതിന് താല്പര്യമില്ലാത്ത ഒട്ടേറെപ്പേർ കാണും. അത്തരം ആളുകൾ പോലീസിനെ വല്ലാത്ത ഒരവസ്ഥയിലേയ്ക്കെത്തിക്കാനും

നിർവ്വീര്യമാക്കാനും രംഗത്തുവരുന്നത് സ്വാഭാവികമാണ്. തീവ്രവാദികൾ, വർഗ്ഗീയ ശക്തികൾ, അരാജകവാദികൾ തുടങ്ങിയവരെല്ലാം ഇത്തരം കാര്യങ്ങളിൽ ബോധപൂർവ്വം ഇടപെടുന്നുണ്ടെന്നതും നാം മറക്കരുത്. ഓരോ ദിവസവും പോലീസിനെതിരെ ഇല്ലാത്ത വാർത്തകൾ നിറം പിടിപ്പിച്ച നുണകളായി പ്രചരിപ്പിക്കാൻ ഇത്തരം വിഭാഗങ്ങൾ ശ്രമിക്കുന്നുവെന്നതും നാം മറക്കാൻ പാടില്ല. പോലീസ് സംവിധാനത്തെ നീതിയുക്തമായി പ്രവർത്തിക്കുന്ന ഒരു സേനയാക്കി മാറ്റാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിച്ചിട്ടുള്ളത്. ആദിവാസി ജനവിഭാഗത്തെയടക്കം ഉൾപ്പെടുത്തിക്കൊണ്ട് ആദിവാസി സൗഹാർദ്ദപരമായി പോലീസ് സംവിധാനത്തെ കൊണ്ടുപോകുന്നതിന് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ സമൂഹത്തിന് മറക്കാൻ കഴിയുന്നതല്ല. ആദിവാസി ജനവിഭാഗങ്ങളിൽത്തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രത്തിൽനിന്ന് 200 പേരെ പോലീസിൽ പ്രത്യേക നിയമനം നടത്തിയത് ഈ സർക്കാരാണ്. അത് ആദിവാസി വിഭാഗത്തെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുവരുന്നതിനുതകുന്ന നടപടിയായിരുന്നു. അന്താരാഷ്ട്ര ആദിവാസിഗോത്ര ദിനത്തിൽ രണ്ട് പദ്ധതികൾ കഴിഞ്ഞ

ദിവസം പ്രഖ്യാപിച്ചിട്ടുണ്ട്. എക്സൈസ് ഗാർഡ് തസ്തികയിൽ പട്ടികജാതി വിഭാഗങ്ങൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം 25 പട്ടികവർഗ്ഗ യുവാക്കൾക്ക് എക്സൈസ് ഗാർഡായി നിയമനം നൽകിയിട്ടുണ്ടെന്ന കാര്യവും ഇവിടെ ഓർക്കേണ്ടതാണ്. അവിടെ നിർത്താനല്ല പരിപാടി. 200 പേരെക്കൂടി ഇത്തരത്തിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗം കൂടുതലുള്ള അട്ടപ്പാടി മേഖലയിൽ ചെറുധാന്യ ഫാക്ടറി ഡിസംബറോടെ ആരംഭിക്കാനാണ് പോകുന്നത്. പുട്ടുപൊടി, റാഗിമാൾട്ട്, എനർജി ഡ്രിങ്ക് തുടങ്ങിയവ വിപണിയിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും ഉല്പന്നങ്ങൾക്ക് മികച്ച വിലയും ഉറപ്പാക്കുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിക്കുന്നുണ്ടെന്നതും കാണേണ്ടതാണ്. ആദിവാസികൾക്കെതിരെയുണ്ടാകുന്ന അക്രമങ്ങൾ തടയുവാനും അവർക്ക് നിയമപരിരക്ഷ ലഭിക്കുവാനും സുസജ്ജമായ സംവിധാനമാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പരാതികൾ എത്രയും പെട്ടെന്ന് അന്വേഷണം നടത്തി, ആവശ്യമെങ്കിൽ ഉടനെ കേസുകൾ രജിസ്റ്റർ ചെയ്യാൻ പോലീസിന്

നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം അവർക്കുള്ള പരിരക്ഷ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ ഊരുകൾ കേന്ദ്രീകരിച്ച് നൽകിവരുന്നുണ്ട്. ജില്ലാ പോലീസ് മേധാവികളുടെ അധ്യക്ഷതയിൽ അതത് ജില്ലകളിൽ മൂന്നുമാസം കൂടുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥരുടേയും ആദിവാസികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടേയും യോഗം വിളിച്ച് കേസുകൾ സംബന്ധിച്ച് അവലോകനം നടത്തിവരുന്നു. ഇത്തരം കാര്യങ്ങളൊക്കെ സർക്കാർ ചെയ്യുമ്പോഴും ഒറ്റപ്പെട്ട ചില സംഭവങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടാകും. അത്തരത്തിലൊന്നാണ് കഴിഞ്ഞ ദിവസം അട്ടപ്പാടിയിൽ സംഭവിച്ചതെന്ന് ഓർക്കണം. പശുവിനെ മേയ്ക്കാൻ കൊണ്ടുപോയ സംഭവമാണ് യഥാർത്ഥ കാരണം. അതിൽനിന്ന് ഒരു പ്രത്യേക തർക്കത്തിലേയ്ക്കെത്തി, അതിന്റെ ഭാഗമായി അക്രമസംഭവങ്ങളിലേയ്ക്ക് നീങ്ങി. അതുമായി ബന്ധപ്പെട്ട് പോലീസ് കേസെടുക്കുന്ന നിലവന്നു. കേസിന്റെ ഭാഗമായി ഹാജരാകാൻ ആവശ്യപ്പെട്ടു. ഹാജരാകാത്തതിനെ തുടർന്ന് അവരെ അറസ്സ് ചെയ്യാൻ പോലീസ് പോകുന്ന

നിലയിലായി. നന്നേ കാലത്തുതന്നെ അങ്ങനെ പോകേണ്ടതുണ്ടായിരുന്നോ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിക്കുന്നത്. ഏതുസമയത്ത് പോകണമെന്ന് സാധാരണഗതിയിൽ പോലീസിന് തീരുമാനിക്കാം. എന്തുകൊണ്ടാണ് നന്നേ കാലത്തുതന്നെ പോലീസ് അവിടെ പോയതെന്നാണ് ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം. എന്തുകൊണ്ടാണ് നന്നേ കാലത്തുതന്നെ പോലീസ് അവിടെ പോയതെന്ന് നമുക്ക് അന്വേഷിക്കാം. അത് അന്വേഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താം. അതേസമയം ഇവിടെ കാണേണ്ട ഒരു കാര്യം പോലീസിനെതിരെ അവിടെ നീക്കങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതാണ്. ഇവരെ അറസ്റ്റ് ചെയ്യാനുള്ള പോലീസിന്റെ നീക്കത്തെ തടയാൻ വേണ്ടിയുള്ള ശ്രമങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. മുരുകൻ അവിടത്തെ പ്രധാനപ്പെട്ട ഒരാളാണെന്ന് പ്രമേയാവതാരകൻ തന്നെ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനെ അറസ്റ്റ് ചെയ്യുമ്പോൾ ആളുകൾ കൂടിച്ചേരുന്ന നിലയുണ്ടായി. പോലീസിനെതിരെ അതിക്രമങ്ങൾ വരുമ്പോൾ സ്വാഭാവികമായി അവരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകേണ്ടതായി വരുമല്ലോ? അവിടെ പോലീസിനെതിരെ ബലപ്രയോഗം നടന്നു. അക്കാര്യം നമ്മൾ കാണാതിരിക്കരുത്. അതിനെ

പ്രോത്സാഹിപ്പിക്കുന്ന ഒരു നില എടുത്ത് പോകരുത്. ഇവിടെ എല്ലാ പ്രശ്നങ്ങളിലും പോലീസ് കൃത്യമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ അദ്ദേഹം പരാമർശിച്ച ഒട്ടേറെ കേസ്സുകളിലെ പ്രതികൾക്കെല്ലാമെതിരെയുള്ള നടപടികൾ പോലീസ് കൃത്യമായി സ്വീകരിച്ചുവെന്നത് നമ്മുടെ അനുഭവമാണ്. എന്ത് അടിസ്ഥാനത്തിലാണ് ആ പ്രതികളെ പോലീസ് എന്തോ സംരക്ഷിച്ചുവെന്ന മട്ടിൽ അദ്ദേഹം പറഞ്ഞത്? ഏത് ആളെ സംരക്ഷിക്കാനാണ് പോലീസ് ശ്രമിച്ചത്? ഇപ്പോൾ അവരെല്ലാം ജയിലിൽക്കിടക്കുന്നത് ആരുടെ ഇടപെടലിന്റെ ഭാഗമായാണ്? പോലീസ് അല്ലേ അവരെ അറസ്റ്റ് ചെയ്തത്? അവർക്കെതിരെ നടപടിയെടുത്തത്? ഇവിടെ പോലീസ് നടപടിയെടുക്കുന്നതിൽ മുഖം നോക്കാറില്ല. തെറ്റ് ചെയ്തിട്ടുണ്ടോ, തെറ്റിനെതിരെയുള്ള നടപടികളുണ്ടാകും എന്നതാണ് നാം കാണേണ്ടത്. അതുകൊണ്ടുതന്നെ അദ്ദേഹം പറയുന്ന രീതിയിൽ നമ്മുടെ സംസ്ഥാനത്തെ പോലീസിന് ഒരു തരത്തിലുള്ള ഭ്രാന്തും പിടിപെട്ടിട്ടില്ല. പോലീസ് സമചിത്തതയോടെ തന്നെയാണ് പോകുന്നത്. പോലീസ് സേന കേരളത്തിന് അഭിമാനിക്കാവുന്ന പ്രവർത്തനരീതി തന്നെയാണ് സ്വീകരിച്ചുപോരുന്നത്. വെളപ്പാൻകാലത്ത് പോകാനിടയായത് സംബന്ധിച്ച്

അന്വേഷിക്കാൻ നമുക്ക് ഏർപ്പാടും ചെയ്യാം. ഇക്കാര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും അടങ്ങിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ ഇവിടെ അവതരിപ്പിച്ചത് അട്ടപ്പാടിയിലെ ഒരു ആദിവാസി ഊരിൽ നടന്ന പോലീസ് അതിക്രമത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞത് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസിന്റെ വീരകഥകളെക്കുറിച്ചാണ്. കേരള പോലീസിന് അപമാനകരമായി നിരന്തരമായുണ്ടാകുന്ന സംഭവങ്ങളെക്കുറിച്ച് ഞങ്ങൾ കഴിഞ്ഞ കുറേ ദിവസങ്ങളായി ഇവിടെ ആവർത്തിച്ചുക്കൊണ്ടിരിക്കുകയാണ്. കേരള പോലീസിന്റെ പ്രശസ്തിക്ക് അപമാനകരമാകുന്ന സംഭവങ്ങളാണ് ഞങ്ങൾ ഇവിടെ ആവർത്തിച്ചുപറഞ്ഞത്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, അട്ടപ്പാടി കൂടി ഉൾപ്പെടുന്ന പ്രദേശത്തിന്റെ എം.എൽ.എ. ഇവിടെ അവതരിപ്പിച്ച

ഏതുകാര്യത്തിലാണ് അങ്ങേയ്ക്ക് പരാതിയുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ആദ്യം പറഞ്ഞപ്പോൾ സൂചിപ്പിച്ചു; ഇന്ത്യൻ പീനൽ കോഡിന്റെ 326-ാം വകുപ്പ് അനുസരിച്ചാണ് ആക്ടിവിസ്റ്റായ ശ്രീ. മുരുകനെയും അദ്ദേഹത്തിന്റെ വന്ദ്യവയോധികനായ ആദിവാസി ഊരിലെ മൂപ്പനെതിരായും കേസ്സ് എടുത്തതെന്ന്. ഐ.പി.സി. 326-ാം വകുപ്പ് അനുസരിച്ച് എടുത്ത കേസ്സിലെ പ്രതിയെ അന്വേഷിച്ച് വെളുപ്പാൻകാലത്ത് വീട്ടിൽ ചെല്ലുകയും വീടിനകത്തേയ്ക്ക് ഇരച്ചുകയറി ആ കുടിലിലെ പായയിൽ കിടന്നുറങ്ങിയിരുന്ന ശ്രീ. മുരുകനെയും മുരുകന്റെ ഇത്രയും പ്രായമുള്ള പിതാവിനെയും കിടക്കപ്പായയിൽ വച്ച് ചവിട്ടിക്കൂട്ടാൻ എന്നുമുതലാണ് കേരളത്തിലെ പോലീസ് ആരംഭിച്ചത്? 326-ാം വകുപ്പ് അനുസരിച്ചുള്ള കേസ്സിലെ പ്രതിയെ എന്നുമുതലാണ് കേരള പോലീസ് കൈവിലങ്ങുവച്ച് ജീപ്പിലേയ്ക്ക് വലിച്ചിട്ട് കയറ്റാൻ തുടങ്ങിയത്? എന്നുമുതലാണ് 326-ാം വകുപ്പ് അനുസരിച്ചുള്ള കേസ്സിലെ പ്രതിയോട് ഇങ്ങനെ കേരളത്തിലെ പോലീസ് പെരുമാറാൻ തുടങ്ങിയത്? കൊലക്കേസ്സിലെ പ്രതിയോടുപോലും ചെയ്യാത്തതരത്തിലുള്ള രീതികളാണല്ലോ പോലീസ് ഇവിടെ അവലംബിക്കുന്നത്. എന്തുതരത്തിലും ഏതുതരത്തിലും ഒരു ആദിവാസി

ഊരിലേയ്ക്ക് കയറി അവിടെ എന്ത് അതിക്രമവും കാണിക്കാമെന്നുള്ള നിലയിലേയ്ക്കാണോ കാര്യങ്ങൾ പോകുന്നത്? എന്നിട്ട് പോലീസിനെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. പോലീസ് റിപ്പോർട്ട് എഴുതി വായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ മാധ്യമങ്ങളിൽ മുഴുവൻവന്ന അതിന്റെ വീഡിയോ ഒന്ന് കണ്ടിരുന്നെങ്കിൽ ഇതുപോലെ പോലീസ് എഴുതിക്കൊടുത്ത കാര്യം ഇവിടെ പറയില്ലായിരുന്നു. ഇത് കേരളം മുഴുവൻ കണ്ടതാണ്. ആ മൂപ്പന്റെ 17 വയസ്സുള്ള ഭിന്നശേഷിക്കാരനായ കൊച്ചുമകന്റെ മുഖത്തും ചെവിയിലും പോലീസ് ആഞ്ഞടിക്കുന്നത് കണ്ടതല്ലേ? ആ കുട്ടിയുടെ വസ്ത്രം വലിച്ചുകീറുന്നത് കണ്ടതല്ലേ? ഞങ്ങളെല്ലാം വീഡിയോയിൽ കണ്ടതാണ്. മുഖ്യമന്ത്രി എന്തേ കാണാതെ പോയത്. അതാണോ ഒരു ആദിവാസി കുടുംബത്തിനോട് ചെയ്യേണ്ടത്? ഇങ്ങനെയാണോ പോലീസ് കൈകാര്യം ചെയ്യുന്നത്?

പോലീസ് മഹാമാരിക്കാലത്ത് ചെയ്ത കാര്യങ്ങൾ ഞങ്ങൾക്കൊക്കെ അറിയാം. പോലീസ് വഴിയിൽ നില്ക്കുന്നുണ്ട്. ഒരുപാട് കാര്യങ്ങൾ ചെയ്തു. അതേ പോലീസ് തന്നെയല്ലേ 2000 രൂപ മേടിച്ചിട്ട് 500 രൂപയുടെ രസീത് കൊടുക്കുന്ന മാജിക് കൂടി കാണിച്ചത്? ഇവിടെ എത്രയോ കേസ്സുകൾ

റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇന്നലെയും രണ്ടു പാസ്റ്റർമാർ എന്നെ വന്നുകണ്ടിരുന്നു. അവരുടെ മക്കൾ പള്ളിയിൽ പോയതാണ്. പോകാൻ നേരത്ത് പോലീസ് തടഞ്ഞുനിർത്തി. അപ്പോൾ അവർ സത്യവാങ്മൂലം കാണിച്ചു. പള്ളിയിൽ പോയി തിരികെ വന്നപ്പോൾ രണ്ടായിരം രൂപാ വീതം പിഴയിട്ടുകൊടുത്തു. ഈ പെൺകുട്ടികൾ പള്ളിയിൽ പോയിതിരിച്ചുവരുമ്പോഴാണ് പിഴ ചുമത്തിയത്. എന്താണിവിടെ നടക്കുന്നത്? എന്നിട്ട് പിഴയിട്ടതിനെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. പള്ളിയിൽ പോയി പ്രാർത്ഥിച്ച് തിരിച്ചുവരുമ്പോൾ ആ രണ്ട് പെൺകുട്ടികൾക്ക് രണ്ടായിരം രൂപാ വീതം പിഴയിട്ടുകൊടുക്കാൻ എന്ത് അധികാരമാണ് നിങ്ങളുടെ പോലീസിന് ഉള്ളത്? എന്ത് അധികാരമാണ് കൊടുത്തത്? പിതൃതർപ്പണത്തിന് പോയ ആളുകളുടെ പേരിൽ ഫൈൻ അടിച്ചുകൊടുക്കുകയാണ്. ഫൈൻ കൊടുത്തത് ഒരു മഹാപാതകമാണ് എന്നുപറഞ്ഞാലോ? നമ്മുടെ ആരുടെയെങ്കിലും മക്കളോടാണ് ഇത് ചെയ്യുന്നതെങ്കിലോ? അപ്പോൾ എന്തും ചെയ്യാമോ? ആരുടെ മേലെയും ഫൈൻ ഇടാമോ? പള്ളിയിൽ പോയതാണെന്ന് പറഞ്ഞ് സത്യവാങ്മൂലം കാണിക്കുന്ന കുട്ടികളുടെ അടുത്തുനിന്നുവരെ ഫൈൻ ചുമത്തുന്നതിനെ മുഖ്യമന്ത്രി ന്യായീകരിക്കരുത്. പോലീസ് തെറ്റ് ചെയ്താൽ

തെറ്റാണെന്ന് പറയണം. ഇത്തരം തെറ്റുകൾ ആവർത്തിക്കപ്പെട്ടാൽ കേരളത്തിലെ പോലീസ് സേനയ്ക്ക് മുഴുവൻ അപമാനകരമാകും. പോലീസ് എന്ത് എഴുതിക്കൊടുത്താലും അത് വന്ന് വായിച്ച് അതിനെ ന്യായീകരിക്കുന്നത് അങ്ങേയ്ക്ക് ഭൂഷണമല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മൂന്നാം തീയതി നടന്ന സംഭവമാണ്. മൂന്നാം തീയതി ആക്ടിവിസ്റ്റായ ശ്രീ. മുരുകന്റെ ഭാര്യയെ അമിതമായി മദ്യപിച്ചുവന്നയാൾ ആക്രമിക്കുകയായിരുന്നു. മദ്യപിച്ച് മറിഞ്ഞുവീണിട്ടായിരുന്നു അയാളുടെ തലപൊട്ടിയത്. അന്നുതന്നെ മൂന്ന് മണിക്കും നാല് മണിക്കും ഇടയിൽ ശ്രീ. മുരുകൻ ഷോളയൂർ പോലീസിനെ അറിയിച്ചു. അപ്പോൾ എന്താണ് പോലീസ് പറഞ്ഞതെന്നറിയാമോ; വണ്ടിയില്ല, വണ്ടിയോടിക്കാൻ എണ്ണയുമില്ലെന്നാണ് പോലീസ് മറുപടി പറഞ്ഞത്. അട്ടപ്പാടി ആദിവാസി ഊരിൽ ഒരു അക്രമം നടന്നാൽ അന്വേഷിക്കാൻ വണ്ടിയില്ല. പോലീസ് വണ്ടിക്ക് ഇനി നമ്മൾ എണ്ണ മേടിച്ചുകൊടുക്കണം. എന്നിട്ട് പിറ്റേ ദിവസവും പോലീസ് വന്നില്ല. അഞ്ചാം തീയതി തന്റെ ഭാര്യയെ ആക്രമിച്ചുവെന്ന് പറഞ്ഞ് ശ്രീ. മുരുകൻ ഷോളയൂർ പോലീസ് സ്റ്റേഷനിൽ പോയി പരാതി

കൊടുത്തു. ആലോചിച്ചുനോക്കണം. അയാൾ പ്രതിയാണെങ്കിൽ..... അയാൾ മൂന്നാം തീയതി പോലീസിനെ അറിയിക്കുന്നു. പോലീസ് നാലാം തീയതിയും വരുന്നില്ല, അഞ്ചാം തീയതിയും വരുന്നില്ല. അഞ്ചാം തീയതി അയാൾ നേരെ ഷോളയൂർ പോലീസിൽ പോയി പരാതി കൊടുക്കുന്നു. എന്നിട്ടും പോലീസ് വന്നില്ല. ആറാം തീയതി അഗളി എ.എസ്.പി.യെ ശ്രീ. മുരുകൻ നേരിട്ട് ചെന്ന് കണ്ട് തന്റെ ഭാര്യയെ ആക്രമിച്ചത് സംബന്ധിച്ച് പരാതി കൊടുക്കുന്നു. എ.എസ്.പി.യെയും കണ്ട്, പോലീസ് സ്റ്റേഷനിലും പോയി, തന്റെ ഭാര്യയെ ആക്രമിച്ചതിന് പരാതി കൊടുക്കാൻ പോയ ആളെയാണ് വീട്ടിൽ പോയി കിടക്കപ്പായയിൽനിന്ന് പോലീസ് ചവിട്ടി എഴുന്നേൽപ്പിച്ചത്. ആറാം തീയതി എ.എസ്.പി.യെ കാണാൻ പോയി. എന്നിട്ട് എന്താണ് സംഭവിച്ചത്? ഏഴാം തീയതിയും കഴിഞ്ഞ് എട്ടാം തീയതി ആയപ്പോൾ വാദി പ്രതിയായി. എ.എസ്.പി. ഓഫീസിലും പോലീസ് സ്റ്റേഷനിലും പോയ ഈ ശ്രീ. മുരുകനെയും അയാളുടെ വന്ദ്യവയോധികനായ പിതാവിനെയും 17 വയസ്സുള്ള മകനെയുമാണ് ഊരിൽക്കയറി, അവരുടെ കുടിലിൽക്കയറി, എട്ടാം തീയതി വെളുപ്പിന് വന്ന് പോലീസ് ക്രൂരമായി മർദ്ദിച്ചത്. എന്നിട്ട് വിലങ്ങ് വച്ചുകൊണ്ടുപോയി. ഇതെന്താണെന്ന് അറിയാമല്ലോ? അവിടത്തെ

പോലീസിന് ഭൂമാഫിയയുമായുള്ള ബന്ധമാണ്. ഇയാളൊരു ആക്ടിവിസ്റ്റാണ്. അട്ടപ്പാടി മേഖലയിൽ ആദിവാസികളുടെ ഭൂമി തട്ടിയെടുക്കപ്പെടുന്നുവെന്നുള്ള വ്യാപകമായ പരാതിക്കെതിരായി അവിടെ ആദിവാസി ആക്ഷൻ കൗൺസിൽ രൂപീകരിച്ച് അതിന്റെ വൈസ് ചെയർമാനായി പ്രവർത്തിക്കുന്ന ഒരാളാണ് ശ്രീ. മുരുകൻ. അതിനോടുള്ള വിരോധം തീർത്തതാണ്. അവിടത്തെ ഭൂമാഫിയയുടെ കയ്യാളായി, ഉപകരണമായി നിങ്ങളുടെ പോലീസ് മാറിയതാണ്. അതിനാണ് ആദിവാസി കുടിലിൽ കയറി ഈ അതിക്രമം കാണിച്ചത്. ഭൂമാഫിയയ്ക്കുവേണ്ടി, അവരുടെ ചില്ലിക്കാശിനുവേണ്ടി, അവരുടെ കയ്യിൽനിന്നും പണം പറ്റിയിട്ടാണ് വാദിയായ ഒരാളെയും അയാളുടെ പിതാവിനെയും അയാളുടെ കൊച്ചുമകനെയും ക്രൂരമായി മർദ്ദിച്ചത്. എന്നിട്ട് അതിനെക്കുറിച്ച് ന്യായീകരിക്കണ്ട. കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. ഇന്ത്യയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ നടക്കുന്നതിൽ ഏഴാം സ്ഥാനമാണ് കേരളത്തിനുള്ളത്. ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ ഒരു ദക്ഷിണേന്ത്യൻ സംസ്ഥാനം വേറെയില്ല. കഴിഞ്ഞദിവസം ഇരിട്ടിയിൽ ഒരു

എസ്.സി. പ്രൊമോട്ടറെ എക്സൈസുകാർ ക്രൂരമായി മർദ്ദിച്ചു. പോലീസ് കേസ്സെടുത്തു. ഒരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. ഇതുപോലെയുള്ള ഇത്രയും വലിയ ആവേശം നിങ്ങൾ കാണിക്കാറില്ലല്ലോ? ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് കേസ്സെടുത്തെന്ന് ഇപ്പോൾ പറഞ്ഞു. ആർക്കെതിരെ? ഈ ആദിവാസികൾക്കെതിരായിട്ടാണ്. ഇപ്പോൾ മഹാമാരിയിൽ പ്രവർത്തിക്കുന്ന പോലീസിനെക്കുറിച്ച് പറഞ്ഞു. മഹാമാരിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുണ്ട്. കൈനകരിയിൽ ആ ഡോക്ടറുടെ കരണക്കുറ്റിക്കിട്ടാണ് നിങ്ങളുടെ ലോക്കൽ സെക്രട്ടറി അടിച്ചത്. പോലീസ് അറസ്റ്റ് ചെയ്തോ? ലോക്കൽ സെക്രട്ടറിയെ പോലീസ് അറസ്റ്റ് ചെയ്തോ? കരണക്കുറ്റിക്കിട്ടാണ് ലോക്കൽ സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും കൂടെ അടിച്ചത്. എന്നിട്ട് ഇതുവരെ ആ ലോക്കൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്യാത്ത പോലീസാണ് ഈ ആദിവാസിയുടെ, പാവത്തിന്റെ വീട്ടിൽ കയറിപ്പോയത്. എന്നിട്ട് പോലീസിനെക്കുറിച്ച് ന്യായം പറയുകയാണ്. അപ്പോൾ എന്തുവേണമെങ്കിലും ചെയ്യാൻ വേണ്ടിയുള്ള ലൈസൻസ് കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽവന്ന് ഈ പോലീസ് ചെയ്ത എല്ലാ കൊള്ളരുതായ്മകളെയും

എല്ലാ വൃത്തികേടുകളെയും ന്യായീകരിച്ചാൽ അത് അവർക്ക് കൊടുക്കുന്ന ലൈസൻസ് കൂടിയായി മാറും. തെറ്റ് ചെയ്താൽ അത് പരിശോധിക്കാനുള്ള നടപടി വേണം. തെറ്റ് ചെയ്യുന്ന ആളുകളെ ശിക്ഷിക്കണം. മരംമുറി ബ്രദേഴ്സിന് കിട്ടാത്ത ആനുകൂല്യമല്ലേ ആദിവാസികളുടെ വീട്ടിലേയ്ക്ക് കയറിപ്പോയത്. മരം മുറി ബ്രദേഴ്സിന്റെ അമ്മ മരിച്ചതുകൊണ്ടാണ് അവരെ അറസ്റ്റ് ചെയ്തത്. അവരുടെ അമ്മ മരിച്ചതുകൊണ്ട് അന്നവർക്ക് പുറത്തിറങ്ങേണ്ടിവരും. കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസ്സിലെ പ്രതികൾ തൃശ്ശൂരിലുണ്ടായിരുന്നല്ലോ? നിങ്ങളുടെ പോലീസ് കണ്ടില്ല. ജാമ്യം കിട്ടുകയില്ലെന്ന് ഉറപ്പായപ്പോൾ അയാൾ കീഴടങ്ങിയതാണ്. വലിയ കേസിലെ പ്രതികളെയൊന്നും കാണുകയില്ല. പാവപ്പെട്ടവനെയും വയസ്സായ ആളെയും കൊച്ചുമക്കളെയുമാണ് കാണുന്നത്. ആദിവാസി ഊരിലൊക്കെ പോലീസ് കയറുമ്പോൾ മര്യാദ കാണിക്കണ്ടേ; അവർ പാവപ്പെട്ടവരല്ലേ; പാർശ്വവൽക്കൃതമായ ജീവിതം നയിക്കുന്ന ആളുകളല്ലേ? ആ പാവങ്ങൾക്ക് എന്തെല്ലാം സങ്കടങ്ങളാണ്. കഷ്ടപ്പാടുകളും ദുരിതങ്ങളും പട്ടിണിയും രോഗങ്ങളും അതിനിടയിൽ ഈ മഹാമാരിയും സാമ്പത്തികമാന്ദ്യവും കൊണ്ട് വിഷമിക്കുന്ന ഒരു പ്രദേശത്ത് വെളുപ്പാൻകാലത്ത് 6 മണിക്ക്

ചെന്ന് ഇങ്ങനെയാണോ ചെയ്യുക; കേരളത്തിലെ ഫസ്റ്റ് പ്രയോറിറ്റി അവർക്കല്ലേ? എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ ന്യായീകരിക്കുകയാണ്. അങ്ങയുടെ ഈ നടപടി വിചിത്രമായി തോന്നുന്നു. അതിൽ ശക്തമായി ഞങ്ങൾ പ്രതിഷേധിക്കുന്നു. കേരളത്തിലെ അട്ടപ്പാടി ആദിവാസി ഊരിലേയ്ക്ക് നടത്തിയ ഈ അതിക്രമത്തിൽ പ്രതിഷേധിക്കാതെ അവർക്കെതിരെ നടപടിയെടുക്കാതെ ഗൗരവതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളത്തിലെ പോലീസ് ഇപ്പോൾ പഴയതുപോലെയല്ല, വളരെ നന്നായിട്ടുണ്ട്, അത് കാണാതെപോയിട്ട് കാര്യമില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്, ട്രൈബൽ ഡേ ആചരിക്കുന്ന ഈ സമയത്തുതന്നെ വെളുപ്പാൻകാലത്ത് ചെന്ന് ഒരു ആദിവാസിയെ കിടക്കപ്പായിൽനിന്ന് എഴുന്നേൽപ്പിച്ച് മർദ്ദിച്ച് അറസ്റ്റുചെയ്ത്

കൊണ്ടുപോയത് വളരെ നന്നായിട്ടുണ്ട്. ഇവിടത്തെ പോലീസിന് എന്ത് മാറ്റമാണ് വന്നിരിക്കുന്നത്; പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, എത്രയെത്ര കേസുകളാണ്; അനുദിനം കേസുകൾ വർദ്ധിക്കുകയല്ലേ; പോലീസുകാരെല്ലാം മോശമാണെന്ന് ആരും പറയുന്നില്ലല്ലോ? കേരളത്തിൽ വർഗ്ഗീയ ലഹളയും പ്രശ്നങ്ങളും ഉണ്ടാകുന്നില്ലെന്ന് പറഞ്ഞു. അത് കാലാകാലങ്ങളായി സംസ്ഥാനത്തെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുടെ സംഭാവനയാണ്. അല്ലാതെ ഈ ഗവൺമെന്റിന്റെ സംഭാവനയല്ല, ഒരു മുന്നണിയുടെയും സംഭാവനയല്ല. ഇവിടെ അത്തരത്തിലുള്ള ഒരു കൾച്ചർ ഡെവലപ് ചെയ്ത് വരാൻവേണ്ടി ഞങ്ങളൊക്കെ രാഷ്ട്രീയ പ്രവർത്തനം നടത്തുമ്പോൾ അതിനെതിരായ ഛിദ്രശക്തികളെ പ്രോത്സാഹിപ്പിച്ച ചരിത്രമാണ് ഇടതുമുന്നണിക്കുള്ളതെന്ന് പറയേണ്ടിവരുന്നതിൽ എനിക്ക് അങ്ങേയറ്റം സങ്കടമുണ്ട്. ഇപ്പോൾ അതൊക്കെ കേരളത്തിൽ അടുത്തകാലത്തുണ്ടായ പോലീസിന്റെ ക്രെഡിറ്റായിട്ടാണ് പറയുന്നത്. അത്തരത്തിലുള്ള ഒരുമാറ്റവും ഇവിടത്തെ പോലീസിന് വന്നിട്ടില്ല. ആദിവാസി ഊരിൽ ചെന്ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ നല്ലനേരം നോക്കേണ്ട കാര്യമുണ്ടോ; മരം മുറി

ബ്രദേഴ്സ് മുങ്ങിയതുപോലെ മുങ്ങാനുള്ള എന്തെങ്കിലും ചുറ്റുപാട് ഇവരെ സംബന്ധിച്ചുണ്ടോ? ഇത്രയും വലിയ സന്നാഹത്തോടെ അവിടെ ചെന്ന് കിടക്കപ്പായിലിട്ട് മർദ്ദിച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകേണ്ട കാര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. ഇതിന്റെ പുറകിൽ രാഷ്ട്രീയ സ്വാധീനമുണ്ടെന്നുള്ളത് പ്രമേയാവതാരകൻ സ്പഷ്ടമായി ഇവിടെ പറയുകയുണ്ടായി. അത് പൊളിറ്റിക്കൽ അതിക്രമമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നടപടി അങ്ങേയറ്റം അപമാനകരമാണ്. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ആദിവാസികൾക്കെതിരെയുള്ള ഈ കടന്നാക്രമണം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ആദിവാസി ഊരിൽ പോലീസ് കൂടുതൽ ജാഗ്രത കാണിക്കേണ്ടിയിരുന്നു. പോലീസിന്റെ ഭാഗത്തുനിന്നും വലിയൊരു വീഴ്ചയുണ്ടായിട്ടുണ്ട്. എന്തായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം അന്വേഷിക്കാമെന്ന് പറഞ്ഞു. എങ്കിലും ഈ വിഷയം അതിന്റേതായ ഗൗരവത്തിൽ ഉൾക്കൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)